
പറക്കും പട്ടങ്ങൾ
സെന്റ് ക്ലെയേഴ്സ് സി.ജി.എച്ച്.എസ്.എസ്.
തൃശ്ശൂർ

# സമർപ്പണം

**ബാലവേലയും ദാരിദ്ര്യവും മൂലം**

**തെരുവിൽ അലയാൻ വിധിക്കപ്പെട്ട**

**ബാല്യങ്ങൾക്കു മുമ്പിൽ**

**സാങ്കേതികവിദ്യയുടെ**

**ഉയരങ്ങളിലേക്ക് പട്ടം  പറത്തുവാൻ**

**കൂട്ടുകാർ നിങ്ങൾക്കു മുമ്പിൽ**

**സമർപ്പിക്കുന്നു...**

**പറക്കും പട്ടങ്ങൾ...**




എഡിറ്റോറിയൽ

സന്ദേശം

മികവിന്റെ ദൃശ്യവിസ്മയം

പ്രാർത്ഥന

നമ്മുടെ കലാം

പൂവ്

രാമുവിന്റെ തമാശകൾ

സമർപ്പണം

നല്ല നാട്

മലിനീകരണം ഒരു മഹാ വിപത്ത്

THE GLOOMY PRINCESS AND

THE BOY WITH A PARROT

NATURE

ബേപ്പൂർ സുൽത്താൻ

സ്വാർത്ഥനായ രാജാവ്

മഴവില്ലെന്ന കൂട്ടുകാരൻ

पृथ्वी का विसलाप

കൊച്ചുകൂട്ടുകാരുടെ കുഞ്ഞുസൃഷ്ടികൾ

കല്യാണക്കറി

നക്ഷത്രവനം

ബുദ്ധിമാനായ മന്ത്രി

നന്ദി

# എഡിറ്റോറിയൽ

നാളത്തെ ലോകത്തിന്റെ വളർച്ചയുടെയുള്ള ചുവടുവപ്പാണ് ഇന്നത്തെ വിദ്യാഭ്യാസം. ഇന്നത്തെ ഓരോ വിദ്യാർത്ഥികളാണ് നാളത്തെ പൗരൻമാർ. സാങ്കേതിക വിദ്യയിലൂടെയാണ് ഇന്നത്തെ കുട്ടികൾ വളർന്നു വരുന്നത്. ഓരോ വിദ്യാർത്ഥികൾക്കും സാങ്കേതികമായ കഴിവുകളുണ്ട്. ആ കഴിവുകളെ കണ്ടെത്തി വളർത്തുകയാണ് ലിറ്റിൽ കൈറ്റ്സ് എന്ന സംഘടനയിലൂടെ ഉദ്ദേശിക്കുന്നത്. കുട്ടികളെ പറക്കും പട്ടങ്ങളാക്കി മാറ്റി അവരെ ഉയരങ്ങളിലേക്ക് എത്തിക്കാനാണ് ഇ-മാഗസിനിലൂടെലക്ഷ്യമിടുന്നത്. ഇന്നത്തെ ഓരോ വിദ്യാർത്ഥികളും കത്തിജ്ജ്വലിക്കുന്ന സൂര്യനെപ്പോലെ നാളത്തെ ലോകത്തിന്റെ വളർച്ചക്കു പ്രകാശം പരത്തുന്നവരാകട്ടെ എന്ന് ആശംസിക്കുന്നു.

എന്ന്,

എഡിറ്റർ

അജ്ഞനകൃഷ്ണ പി. കെ

പ്രിയമുള്ളവരെ ,

തൃശ്ശൂർ സെന്റ് ക്ലെയേഴ്സ് സി.ജി.എച്ച്.എസ്. വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ഒരുക്കിയ ഇ-മാഗസിൻ വലിയൊരു സംഭാവനയാണ്. ആധുനിക കാലഘട്ടത്തിന്റെ ഹൈടെക് സംവിധാനങ്ങളെ മുഴുവനായും തങ്ങളുടെ പഠനമേഖലകളിലേക്ക് ആവഹിക്കാൻ കഴിഞ്ഞ തങ്ങളുടെ കഴിവിന്റെ മികവ് ഉയർത്തിയ എല്ലാ കുട്ടികൾക്കും, അതിനായി നിർലോഭം സഹായ സഹകരണങ്ങൾ നല്കിയ അധ്യാപകർക്കും ഹൃദയം നിറഞ്ഞ ആശംസകൾ , അഭിനന്ദനങ്ങൾ.

സ്നേഹപൂർവ്വം

ഹെഡ്മിസ്ട്രസ്

സി. അനിജ തെരേസ്

# മികവിന്റെ ദൃശ്യവിസ്മയം












# പ്രാർത്ഥന

സാന്ത്വന പ്രകാശമേ നയിച്ചാലും
എന്നെ വലയം ചെയ്യുന്ന ഇരുട്ടിൽ
എന്നെ നീ നയിച്ചാലും
ഇരുണ്ട രാത്രി വീടോ അതിദൂരത്ത് !
എന്നെ നീ നയിച്ചാലും
എന്റെ ചുവടുകളെ നീ കാക്കുക.
ദൂരക്കാഴ്ചയല്ല  ഞാൻ തേടുന്നത്,
അടുത്തൊരു കാൽവയ്പ്,അതുമാത്രം മതി.
ഞാൻ ഇവ്വിധമായിരുന്നില്ല,
നീ എന്നെ നയിക്കണമെന്നു
ഞാൻ പ്രാർത്ഥിച്ചതുമില്ല.
ഞാൻ മാർഗ്ഗം സ്വയം കണ്ടെത്താമെന്നു
ഞാൻ വ്യാമോഹിച്ചു.
എന്നാൽ ഇനി നീ തന്നെ എന്നെ നയിച്ചാലും.
പകലിന്റെ പകിട്ടു കണ്ടു ഞാൻ ഭ്രമിച്ചു പോയി.
ഉള്ളിൽ ഭീതി പുകഞ്ഞിട്ടും
അഹങ്കാരം എന്റെ മനസ്സിനെ ഭരിച്ചു.
അതു പോകട്ടെ,
ഇനി നീ തന്നെ എന്നെ ഭരിക്കണം.

അമൃത എം
9 A

# നമ്മുടെ കലാം.......

എ.പി.ജെ. അബ്ദുൽ കലാം നാലാം ക്ലാസ്സിൽ പഠിക്കുന്ന കാലം. ഗണിതത്തോട് അന്നേ ബാലന് അതിയായ ഇഷ്ടമായിരുന്നു. തന്റെ ഗണിത അധ്യാപകനായ രാമകൃഷ്ണൻ സാറ് മറ്റൊരു ക്ലാസ്സിൽ ഗണിതം പഠിപ്പിക്കുകയായിരുന്നു.ഇതു കണ്ട അബ്ദുൽ കലാം ആ ക്ലാസ്സിലേക്ക് കടന്നു ചെന്നു. രാമകൃഷ്ണൻ സാറിന് ഈ പ്രവൃത്തി ഇഷ്ടപ്പെട്ടില്ല.അദ്ദേഹം കലാമിനെ ചൂരലു കൊണ്ട് നല്ല ശിക്ഷ നൽകി.



ഏതാനും മാസങ്ങൾക്കു ശേഷം ഗണിതത്തിൽ മിടുക്കു കാട്ടിയ അബ്ദുൽ കലാമിനെ അസംബ്ലിയിൽ വെച്ച് ഗണിതാധ്യാപകന് ആദരിക്കേണ്ടി വന്നു.ആ വേദിയിൽ വെച്ച് പഴയ ഓർമ്മ അയവിറക്കി കൊണ്ട് അദ്ദേഹം ഇങ്ങനെ പറഞ്ഞു. ഞാൻ ചൂരൽ കൊണ്ടു അടിച്ചു വേദനിപ്പിച്ച ഈ കുട്ടി സ്കൂളിനും ഇവിടത്തെ അധ്യാപകർക്കുംസൽകീർത്തിയുണ്ടാക്കുംഎന്നായിരുന്നു ആ പ്രവചനം. ഗണിത അധ്യാപകന്റെ ഈ പ്രവചനം ഫലിച്ചു. അബ്ദുൽ കലാം ലോകമറിയപ്പെടുന്ന ശാസ്ത്രജ്ഞനായി. പിന്നീട് ഇന്ത്യയുടെ രാഷ്ട്രപതിയും.

# പൂവ്

ഒരു പൂവിരിയും പോലെ വിടർന്നു പ്രഭാതവും
ഒരു പൂവിരിയും പോലെ വിടർന്നു സൂര്യഭഗവാൻ
നഗരം കോലാഹലം ഗ്രാമങ്ങൾ ശാന്തം ശാന്തം
പക്ഷികൾ ചലിക്കുന്നു കോഴികൾ കൂവിടുന്നു
ഒരു പൂവിരിയും പോലെ വിടർന്നു പ്രഭാതവും

വാഹനം ഇരമ്പുന്നു മൈക്കുകൾ ശബ്ദിക്കുന്നു
ശുദ്ധമാം വായു നിമിഷം മലിനമായി മാറിടുന്നു.
അശുദ്ധ വായു എങ്ങും പടർന്നു പരക്കുന്നു.
നഗരം കോലാഹലം എവിടെയും കോലാഹം

രാമനാമം കേൾക്കുന്നു പള്ളിയിൽ പ്രർത്ഥനയും
ശുദ്ധമാം വായു എങ്ങും വിടർന്നു വിലസുന്നു
പക്ഷികൾ തങ്ങളുടെ രാഗങ്ങൾ പാടിടുന്നു
ഗ്രാമമോ ശാന്തം എവിടെയും ശാന്തം

ഒരു പൂവിരിയും പോലെ വിടർന്നു അന്ധകാരം
ഇരുട്ടെന്ന കമ്പിളി ഭൂമിയോ പുതുക്കുന്നു
ഒരു പൂ പൊഴിയും പോലെ പൊഴിഞ്ഞുപോയി സൂര്യഭഗവാൻ
ഒരു പൂ വിടരും പോലെ വിടർന്നു പ്രഭാതവും

# രാമുവിന്റെ തമാശകൾ.....!

*നടുറോട്ടിൽ രാമുവിന്റെ ബൈക്ക് കേടായി, റോഡിൽ മുഴുവൻ ട്രാഫിക് ജാം.....

പോലീസ് : കേറടാ ജീപ്പിൽ...

രാമു : നൊ താങ്ക്സ് സാർ,ഞാൻ ഒരു ഓട്ടോ വിളിച്ച് പൊയ്ക്കൊള്ളാം.

*ശ്രീ കൃഷ്ണൻ, നബി, ക്രിസ്തു......ഇവർക്കെല്ലാം ഉള്ള ഒരു പ്രത്യേകത പറയൂ...

രാമു : ഇവരെല്ലാം ജനിച്ചത് അവധി ദിവസങ്ങളിൽ ആണ് മിസ്.....

*ദൈവമേ അമേരിക്കയുടെ തലസ്ഥാനം കൊച്ചിയാക്കണേ...... പരീക്ഷക്ക് ഞാൻ അങ്ങനെയാ എഴുതിയത് !

*നീ എന്നെ സഹോദരിയായിട്ട് കാണണം...

രാമു : അയ്യൊ അതു പറ്റില്ല !എന്റെ അച്ഛനെ നാട്ടുക്കാർ സംശയിക്കും....!

*ആറിൽ അഞ്ചു പോയാൽ എന്തു കിട്ടും?

രാമു : അഞ്ചുവിന്റെ ശവം കിട്ടും!

കാരണം അവൾക്കു നീന്താൻ അറിയില്ല!!!!

# സമർപ്പണം

രാജാക്കന്മാരുടെ എഴുന്നള്ളത്ത്-പൂജ
രാജാക്കന്മാരുടെ എഴുന്നള്ളത്ത്
ആവശ്യമില്ലാന ഇല്ല ആകാശവണ്ടിയില്ല
ഒട്ടകപുറത്തേറി എഴുന്നള്ളത്ത്

പൊന്നുണ്ട് മീറയുണ്ട് കുന്തിരിക്കമുണ്ട്
രാജാധിരാജന് കാഴ്ച വയ്ക്കാൻ
നിറപറയില്ലെങ്ങും നിലവിളക്കുമില്ല
താലപ്പൊലികൾ നിരത്തിയില്ല

ബേത് ലെഹേമിലെ പുൽക്കൂട്ടിലേയ്ക്ക് ഒരു
വാൽനക്ഷത്രം വഴികാട്ടി
ഹേറോദേസിന്റെ ആ കൊട്ടാരമുറ്റത്തു
രാജാക്കന്മാർ വന്നിറങ്ങിയപ്പോൾ

മേലേവയലിലെ മേയാനിറങ്ങിയ
നക്ഷത്രക്കൂട്ടങ്ങൾ കണ്ണടച്ച
ഉണ്ണിയെ കണ്ടു വണങ്ങി വരൂ നിങ്ങൾ
പിന്നെ ഞാൻ ചെന്നങ്ങു വന്ദിച്ചിടാം.


# നല്ല നാട്

കഥകളിയാട്ടും നാടാണ് കിളി-
കഥപറയുന്നൊരു നാടാണ്
സന്യാസിനിമാരീശനെ വാഴ്ത്തി
സ്തോത്രം ചൊല്ലും നാടാണ്
നാനാജാതി മതസ്ഥർ ഞങ്ങൾ
ഒത്തുവസിക്കും നാടാണ്
നന്മ വിതച്ചീട്ടെന്നും ഞങ്ങൾ
നന്മകൾ കൊയ്യും നാടാണ്

അമൃത എം
**IX A**

# മലിനീകരണം ഒരു മഹാവിപത്ത്

മനുഷ്യരാശി അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് മലിനീകരണം. നിത്യവും വിവിധ തരത്തിൽ നടക്കുന്ന മലിനീകരണം ഭൂമിയുടെ ഓരോ ഭാഗവും നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്.



സ്വാർത്ഥനായ മനുഷ്യൻ സ്വന്തം സുഖം നോക്കി നടത്തുന്ന ഓരോ കർമ്മവും ഭൂമിയിൽ വരുത്തുന്ന വിള്ളലുകൾ അതികഠിനമാണ്. ഭൂമി മലിനമാക്കി ആവാസ യോഗ്യമല്ലാതായാൽ മനുഷ്യൻ വലിയ നാശത്തെ അഭിമുഖീകരിക്കേണ്ടി വരുമെന്ന കാര്യത്തിൽ സംശയമില്ല. മണ്ണിലും വിണ്ണിലും ജലത്തിലും എല്ലാം മലിനീകരണത്തിന്റെ തോത് കൂടിക്കൊണ്ടിരിക്കുകയാണ്. മണ്ണിൽ പ്ലാസ്റ്റിക് കീടനാശിനികൾ മറ്റു മാലിന്യങ്ങൾ എന്നിവ ടൺ കണക്കിനു കുന്നുകൂടുകയാണ്. ആകാശത്തും ഭൂമിയിലും ചീറിപ്പായുന്ന വാഹനങ്ങൾ അന്തരീക്ഷത്തെ മലിനപ്പെടുത്താൻ മത്സരിക്കുന്നു. ജീവിതസൗകര്യങ്ങൾ വർദ്ധിക്കുകയെന്നത് പ്രതിഭാവമല്ല, പ്രക്രിയ മാത്രമാണ്. ജീവിതസൗകര്യങ്ങൾ സുഖസൗകര്യങ്ങളാകുമ്പോൾ നാം ധാരാളം വസ്തുക്കൾ മലിനമാക്കി വലിച്ചെറിയുന്നു.

# The gloomy princess and the boy with a parrot

Once upon a time, there was a king and a queen. They lived in a palace with their beautiful daughter, Jane. The princess became gloomy when she grew up. The king and the queen tired their best to make her happy.



But, it was of no use. They became sad seeing their daughter gloomy. At last the queen offered a thousand gold coins to any person. Who would make her laugh. Just then a boy with a parrot visited the palace. When the princess saw the parrot a sudden change happened in her. She rushed towards the boy. The princess recognised it as her lost parrot. 'from her did you get his parrot? Princess asked the boy get this parrot from a branch of a tree, boy replied. He took parrot to his home and gave fruits and water, it became friendly with the boy. 'this is my parrot my lost parrot' replied the princess. The princess become friendly with the boy. The boy handed the parrot to the princess. Then the princess became very happy. The king rewarded the boy with gold coins and thanked him.

# ***NATURE***

***O,nature you're a self***
***giver you never mind, what will you get?***
***Yet you're particular to give but I....***
***every creature teaches me***
***be humble,selfless,patient***
***but when I see,***
***the beautiful lessons of nature***
***I know my nothingness,***
***so my mother***
***you opened my eyes***
***to learn from you***
***that "be selfless giver"...***



# ബേപ്പൂർ സുൽത്താൻ

മലയാള സാഹിത്യരംഗത്ത് തനതായ വ്യക്തിമുദ്ര പതിപ്പിച്ച എഴുത്തുകാരനാണ് "വൈക്കം മുഹമ്മദ് ബഷീർ". മലയാള ചെറുകഥയെയും നോവലിനെയും പുതിയ ദിശയിലേയ്ക്കു നയിച്ച ഇദ്ദേഹം വൈക്കത്തിനടുത്ത് തലയോലപ്പറമ്പിൽ 1908 ജനവരി 19-ന് ജനിച്ചു.

അഞ്ചാം ക്ലാസ്സിൽ പഠിക്കുമ്പോൾ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കാനായി നാട്ടിൽനിന്ന് ഒളിച്ചോടി കോഴിക്കോട്ട് ചെന്ന് കോൺഗ്രസിന്റെ പ്രവർത്തനങ്ങളിൽ പങ്കെടുത്തു. ഉപ്പുസത്യാഗ്രഹത്തിന്റെ ഭാഗമായിത്തന്നെ തുടർന്ന് പോലീസ് അറസ്റ്റ് ചെയ്ത് ഇദ്ദേഹത്തെ ജയിലിലാക്കി. ജയിലിൽനിന്ന് പുറത്തുവന്ന ഇദ്ദേഹം സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് ജയിൽവാസവും മർദ്ദനവും വീണ്ടും ഏറ്റുവാങ്ങി. ജയിൽ മോചിതനായശേഷം ബഷീർ ഏഴു വർഷത്തോളം നീണ്ടുനിന്ന യാത്രയിൽ ഏർപ്പെട്ടു. ഈ യാത്രയ്ക്കിടയിൽ ഇന്ത്യയുടെ മിക്ക ഭാഗങ്ങളിലും അറബി രാജ്യങ്ങളും ആഫ്രിക്കൻ തീരപ്രദേശങ്ങളും സന്ദർശിച്ചു. കഷ്ടപ്പാടുകൾ നിറഞ്ഞ ആ യാത്രയുടെ കാലയളവിൽ ഹൈന്ദവ സന്യാസികളുടെയും സൂഫി സന്യാസിമാരുടെയും കൂടെ കുറേക്കാലം കഴിച്ചുകൂട്ടി. ധാരാളം അനുഭവസമ്പത്തോടെ കേരളത്തിൽ മടങ്ങിയെത്തിയ ബഷീർ സാഹിത്യരചനയിൽ ഏർപ്പെട്ടു. സവിശേഷമായ ഒരു വ്യക്തിത്വവും കാഴ്ചപ്പാടും

ശൈലിയും ബഷീറിന്റെ കൃതികളെ ശ്രദ്ധേയമാക്കി. നർമ്മവും ആത്മകഥാംശവും മതനിരപേക്ഷയും ലോകവീക്ഷണവും മനുഷ്യസ്നേഹവും നിറഞ്ഞുനിൽക്കുന്നതാണ് അദ്ദേഹത്തിന്റെ കൃതികളുടെ മുഖമുദ്ര. ബഷീർ കുറച്ചുകാലം എർണാകുളത്ത് ഒരു പുസ്തകശാല നടത്തി. തുടർന്ന് കുറച്ചുകാലം കോട്ടയത്തും പിന്നീട് ജന്മദേശമായ തലയോലപ്പറമ്പിലും ബഷീർ സാഹിത്യരചനയിൽ മുഴുകിക്കഴിഞ്ഞു. പിന്നീട് മദ്ധ്യവയസ്സിൽ വിവാഹിതനായ ഇദ്ദേഹം കോഴിക്കോടിനടുത്ത് ബേപ്പൂരിൽ സ്ഥിരതാമസമാക്കുകയാണുണ്ടായത്. ഇതിനെ തുടർന്നാണ് ബഷീറിനെ "ബേപ്പൂർ സുൽത്താൻ" എന്ന് ആളുകൾ വിളിച്ചു തുടങ്ങിയത്.

വിവിധ ശാഖകളിലായി മുപ്പതോളം ഗ്രന്ഥങ്ങളുടെ കർത്താവായ ബഷീറിന്റെ ലഘുനോവലുകൾ പെട്ടെന്ന് ജനപ്രീതിയാർജ്ജിച്ചു. അദ്ദേഹത്തിന്റെ നോവലുകൾ മലയാള സാഹിത്യത്തിൽ ഏറെ ചലനങ്ങൾ സൃഷ്ടിച്ചു. സ്വയം ഒരു ഇതിഹാസപുരുഷനായി മാറിയ ബഷീർ തന്റെ ചില നോവലുകളിലെ കഥാപാത്രങ്ങളെപ്പോലെ തന്നെത്തന്നെ അനശ്വരമാക്കി. ഇദ്ദേഹം മലയാള ഭാഷയ്ക്ക് സ്വന്തമായ ചില വാക്കുകളും ശൈലികളും സംഭാവന ചെയ്തിട്ടുണ്ട്. കാവ്യാത്മകത തുളുമ്പുന്ന അനുകരണീയമായ വർത്തമാനഭാഷയാണ് അദ്ദേഹം രചനയ്ക്ക് ഉപയോഗിച്ചത്. ബഷീറിന്റെ പ്രധാനകൃതികൾ ഇംഗ്ലിഷ്, ഫ്രഞ്ച്, ജർമ്മൻ തുടങ്ങിയ വിദേശ ഭാഷകളിലേയ്ക്കും തർജ്ജമ ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ആദ്യലക്ഷ്മി - 10B

# സ്വാർത്ഥനായ രാജാവ്.....

ഒരു നാട്ടിൽ രാജാവുണ്ടായിരുന്നു. രാജാവിന്റെ കൊട്ടാരത്തിനടുത്ത് രണ്ടു കുസൃതി കുട്ടികൾ താമസിച്ചിരുന്നു. രാജാവിന്റെ കൊട്ടാരത്തിലെ വലിയ മാവിന്റെ മാങ്ങ കഴിച്ചാൽ തങ്ങളുടെ ഏത് ആഗ്രഹവും നടക്കും എന്നാണ് ആ നാട്ടിലെ സങ്കല്പം. അതിനാൽ കുട്ടികൾക്ക് മാമ്പഴം കഴിക്കണമെന്ന് മോഹം തോന്നി. പക്ഷെ അതിന് രാജാവ് സമ്മതിക്കില്ല.



രാജാവിന്റെ കൊട്ടാരത്തിലെ മതിലുകളും ഗേറ്റും വലുതും തൊട്ടാൽ ഷോക്കടിക്കുന്നതുമായിരുന്നു. ബുദ്ധിമാന്മാരായ കുട്ടികൾ ഒരു പോംവഴി കണ്ടുപിടിച്ചു. ഒരു കുട്ടി ഗേറ്റ് തുറന്നു. ആ കുട്ടി അപ്പോൾ തന്നെ മരിച്ചു. പക്ഷെ മറ്റെ കുട്ടി അകത്ത് ചെന്ന് മാങ്ങ കഴിച്ചിട്ട് മരിച്ചു പോയ കുട്ടിയെജീവിപ്പിക്കണമെന്ന് ആഗ്രഹം പറഞ്ഞു. ആ ആഗ്രഹം സാധിക്കുകയും ചെയ്തു. അവർ രണ്ടുപേരും കുറെ മാങ്ങകൾ പറിച്ച് എടുത്തു കൊണ്ടുപോയി മറ്റ് കുട്ടികൾക്കും കൊടുത്തു. സ്വാർത്ഥത കാണിച്ച രാജാവ് ലജ്ജയോടെ തല കുനിച്ചു നിന്നു.



# മഴവില്ലെന്ന കൂട്ടുകാരൻ...

സമയം വൈകീട്ട് അഞ്ച് മണി. സൂര്യൻ പടിഞ്ഞാറൻ ചക്രവാളത്തിൽ ചാഞ്ഞുറങ്ങാൻ തയ്യാറെടുക്കുന്നു. ചാറി ചാറി മഴ പെയ്യുന്നുണ്ടായിരുന്നു. ഞാൻ ട്യൂഷൻ ക്ലാസ്സിലിരുന്ന് പഠിക്കുകയാണ്. ടീച്ചറുടെ ഉച്ചത്തിലുള്ള ശബ്ദം കേട്ട് ഞാൻ നോക്കി. ''എല്ലാവരും അങ്ങോട്ട് നോക്ക്, ദേ മഴവില്ല്''

ടീച്ചർ അടക്കാനാവാത്ത സന്തോഷത്താൽ ഉറക്കെ പറഞ്ഞു. ഞാനും അവിടേയ്ക്ക് നോക്കി. ആ കാഴ്ച്ച എന്റെ നയനങ്ങളെ പിടിച്ചുലയ്ക്കുന്നതായി എനിക്കനുഭവപ്പെട്ടു. സപ്തവർണ്ണങ്ങളിൽ മുക്കിയെടുത്ത് ആകാശമാകുന്ന പൂന്തോപ്പിൽ വിരിഞ്ഞു നിൽക്കുന്ന എന്റെ കൂട്ടുകാരനായ മഴവില്ലിനെ ഞാൻ സ്നേഹത്തോടെ നോക്കിനിന്നു. എന്റെ മനസ്സ് സന്തോഷത്താൽ തിരതല്ലി. ഒത്തിരി നേരം ഞങ്ങൾ പരസ്പരം നോക്കിനിന്നു. ഞാൻ മഴവില്ലിന്റെ അരികിലേയ്ക്ക് സഞ്ചരിച്ചു. കണ്ണുകൾ ഇമവെട്ടാതെ അതിൽ ലയിച്ചുചേർന്നു. എന്റെ മിത്രം എന്ന് പറഞ്ഞുകൊണ്ട് മഴവില്ല് മങ്ങി മങ്ങി എന്നോട് വിടചൊല്ലി. എന്റെ ജീവിതത്തിലാദ്യമായി ഞാൻ മഴവില്ലിനെ കണ്ടത് അന്നായിരുന്നു. ആ ദൃശ്യം ഇന്നും എന്റെ മനസ്സിൽ തെളിമയോടെ തങ്ങിനിൽക്കുന്നു.

ബലീഷ പയസ്.എ
10B

# पृथ्वी का विसलाप


सुबह-शाम के अनमोल पल में,
ढूंढनें है हम,
हरियाली की शीतल  छाया,
रगीन गगन का अदभूत वर्ण




ढूढतें है हम,
चिडियों की चहचहाचट,
तितलियों की आहट,
वर्णलोलिमा सुमन की
और निम्मलता पवन की
पृथवी की उस रवामोशी मै,

सूनते नहीं हम
वो दिन शैधन,
वो चितिंत अंतश्ण

# കൊച്ചുകുട്ടുകാരുടെ കുഞ്ഞുസൃഷ്ടികൾ







എന്റെ മകൻ വാഴപറമ്പിൽ നേന്ത്രപ്പഴവും തക്കാളിപ്പറമ്പിൽ കയ്പ്പക്കദേവിയുമായുള്ള വിവാഹം കുർക്കമൊസം കുമ്പളങ്ങാതിയ്യതി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.അന്ന് പപ്പടത്തിന്റെ റിപ്പോർട്ടും കടുകുമണിയുടെ ഓട്ടംതുള്ളലും ചക്കകുരുവിന്റെ വെടിക്കെട്ടും ഉണ്ടായിരിക്കും.അന്നേ ദിവസം നിങ്ങൾ എല്ലാവരും അവനവന്റെ വീട്ടിൽ നിന്ന് ഭക്ഷണം കഴിച്ച് എന്റെ വീട്ടിൽ കൈകഴുകാൻ വരണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന്

**ദോശമകൻ ചഡ്ണി**

# നക്ഷത്ര വനം

നക്ഷത്രം -കാർത്തിക

മരം - അത്തി

ശാസ്ത്ര നാമം-ഫൈക്കസ് ഗ്ലോമെറാറ്റ



കാഴ്ചയ്ക്ക് ഭംഗിയും മധുരവുമുള്ള പഴത്തിനുള്ളിൽ സാധാരണയായി പുഴുക്കൾ ഉണ്ടാകാറുള്ളതിനാലാണ് സാരോപദേശ കഥകളിൽ അത്തി സ്ഥാനം പിടിച്ചത്. അത്തിയുടെ ഇല, പഴം, തൊലി, കറ എന്നിവയെല്ലാം ഔഷധഗുണപ്രദാനമാണ്. നാൽപാമര ങ്ങളുടെയും കല്ലാലിന്റെയും തൊലിയാണ് പഞ്ചവല്ക്കങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നത്.

## ഔഷധഗുണവും ഉപയോഗരീതികളും


അത്തി വാതപിത്തങ്ങളെ ശമിപ്പിക്കുകയും വ്രണശുദ്ധി ഉണ്ടാക്കുകയും ചെയ്യും. അത്തിപ്പഴം കുട്ടികളുടെ ക്ഷീണവും ആലസ്യവും മാറ്റും.

1. അത്തിപ്പാൽ തേൻ ചേർത്തു സേവിച്ചാൽ പ്രമേഹം ശമിക്കും.
2. അത്തിത്തോൽ ഇട്ടുവെന്ത വെള്ളം ശരീരശുദ്ധിക്ക് ഉത്തമം.
3. അത്തിയുടെ ഇളംകായ അതിസാരം മാറാൻ സേവിക്കാവുന്നതാണ്.
4. ഇല ഉണക്കിപ്പൊടിച്ച് തേൻചേർത്ത് കഴിക്കുന്നതും പഴച്ചാർ തേൻ ചേർത്ത് സേവിക്കുന്നതും പിത്തം ശമിപ്പിക്കും

# ബുദ്ധിമാനായ മന്ത്രി

പണ്ടുപണ്ടു വളരെ കാലങ്ങൾക്കു മുൻപ്. രാജ്യഭരണക്കാലം. വലിയൊരു രാജക്കൊട്ടാരം. വളരെ സമ്പന്നമായ രാജ്യമായിരുന്നു അത്. സന്തോഷത്തോടേയും ഐശ്വര്യത്തോടേയും സമാധാനത്തോടെയും കഴിയുന്ന മനുഷ്യർ. വളരെ സുഖകരമായ രാജ്യഭരണമായിരുന്നു അവിടുത്തേത്. ആ കൊട്ടാരത്തിലെ രാജാവ് ബഹു കേമനായിരുന്നു. അതിനേക്കാൾ ബുദ്ധിമാനായിരുന്ന ഒരു മന്ത്രിയും അവിടെ ഉണ്ടായിരുന്നു. ആ കൊട്ടാരത്തിലെ താരമായിരുന്നു അദ്ദേഹം. രാജ്യത്തിലെ ഏതൊരു വളർച്ചക്കും രാജ്യം മുഴുവൻ മന്ത്രിയെ പുകഴ്ത്തിപ്പാടി. പക്ഷേ ഇതൊന്നും നമ്മുടെ രാജാവിന് അത്ര പിടിച്ചിരുന്നില്ല. രാജാവായ എന്നേക്കാൾ വില വെറുമൊരു മന്ത്രിക്കോ......... ഇക്കാരണത്താൽ മന്ത്രിയോടു അസൂയ മൂത്ത രാജാവ് മന്ത്രിയെ വധിച്ചാലെ തനിക്കിനി നിലനിൽപ്പുള്ളൂ എന്നുറപ്പിച്ചു.
അങ്ങനെയിരിക്കെ ഒരു ദിവസം രാജാവ് മന്ത്രിയെ ഏകാന്തമായ ഒരു സ്ഥലത്തേക്കു വിളിപ്പിച്ചു. കൂടെ ഒരു നായയുമുണ്ടായിരുന്നു. എന്നിട്ട് രാജാവ് മന്ത്രിയോടു പറഞ്ഞു നിന്നെ വധിക്കുവാൻ പോവുകയാണ്. മന്ത്രി അമ്പരന്നു. രാജാവ് ഇങ്ങനെ പറഞ്ഞു : നിന്റെ മരണം തീർച്ചയാണ്. ഈ നായയെ നീ എങ്ങനെ കൊല്ലുന്നുവോ അതുപ്പോലെ ഞാൻ നിന്നേയും കൊല്ലും. ഇതുകേട്ടുയുടനെ മന്ത്രിയുടെ മനസ്സിൽ ഒരുപായം തോന്നി. മന്ത്രി ഉടനെ ആ നായയുടെ വാൽ പിടിച്ച് തറയിലടിച്ച് അതിനെ കൊന്നു. ഇതു കണ്ട് അന്തംവിട്ട രാജാവ് സ്തംഭിച്ചു നിന്നു. രാജാവ് ആകെ വലഞ്ഞു. രാജാവ് മന്ത്രിയുടെ മുന്നിൽ അടിയറവു പറഞ്ഞ് രാജ്യസ്ഥാനം ഒഴിഞ്ഞു.





# നന്ദി

അക്ഷരലോകത്തേക്ക് സാങ്കേതികവിദ്യയുടെ ഉയരങ്ങളിലേക്ക് പറക്കാനുള്ള ചിറകുകൾ നൽകി അനുഗ്രഹിച്ച സർവ്വേശ്വരന്, അറിവിന്റെ ബാലപാഠങ്ങൾ നല്കി വഴിനടത്തുന്ന ഗുരുഭൂതർക്ക്, പറക്കും പട്ടങ്ങൾ രൂപപ്പെടാൻ കരുത്തേകിയ കൂട്ടുകാർക്ക് നന്ദിയോടെ....